ഡോ. ലൂക്കാസ് വിത്തുവട്ടിക്കൽ സി.എം.ഐ
പോസ്റ്റുലേറ്റർ



# നാമകരണനടപടികളും ചാവറയച്ചനും

ക്രൈസ്തവപുണ്യങ്ങൾ വീരോചിതമായി അഭ്യസിച്ചവരുടെ വിശുദ്ധജീവിതത്തിനു സഭ നൽകുന്ന ഔദ്യോഗികമായ അംഗീകാരമാണ് നാമകരണം. നാമകരണനടപടികൾ ഔദ്യോഗികമായി ആരംഭിക്കപ്പെട്ട വ്യക്തിയെ സഭ ദൈവദാസനെന്ന് വിളിക്കുന്നു. വിശുദ്ധനെന്ന് ഔദ്യോഗികമായി പ്രഖ്യാപിക്കപ്പെടുന്നതാണ് നാമകരണം. 1986 ഫെബ്രുവരി എട്ടിന് ജോൺപോൾ രണ്ടാമൻ മാർപ്പാപ്പ കോട്ടയത്തു വച്ച് ചാവറയച്ചനെ വാഴ്ത്തപ്പെട്ടവനായി



*1986 ഫെബ്രുവരി എട്ടിനു കോട്ടയത്ത് ജോൺപോൾ രണ്ടാമൻ മാർപാപ്പാ ചാവറയച്ചനെ വാഴ്ത്തപ്പെട്ടവനായി പ്രഖ്യാപിച്ചപ്പോൾ*



റവ. ഡോ.ആന്റണി വള്ളവന്തറ സി.എം.ഐ വൈസ് പോസ്റ്റുലേറ്റർ, മാന്നാനം

പ്രഖ്യാപിച്ചു. നാമകരണനടപടി ക്രമത്തിലെ പാതിവഴിയാണ് വാഴ്ത്തപ്പെട്ടവനായുള്ള പ്രഖ്യാപനം. നാമകരണത്തിനുള്ള ആദ്യ പടിയെന്നും പറയാം.

ഒരാളെ വിശുദ്ധനായോ വാഴ്ത്തപ്പെട്ടവനായോ പ്രഖ്യാപിക്കുന്നത് മാർപാപ്പയാണ്. വാഴ്ത്തപ്പെട്ടവനായുള്ള പ്രഖ്യാപനം അന്തിമ നടപടിയല്ല. വിശുദ്ധനായുള്ള പ്രഖ്യാപനമാണ് അന്തിമം. ഇതാണ് ഇവ തമ്മിലുള്ള പ്രധാന വ്യത്യാസം.

വാഴ്ത്തപ്പെട്ടവനും വിശുദ്ധനും നൽകാവുന്ന വണക്കം സംബന്ധിച്ചും വ്യത്യാസങ്ങളുണ്ട്. വാഴ്ത്തപ്പെട്ടവനുള്ള വണക്കം ഒരു രൂപതയിലോ പ്രദേശത്തോ രാജ്യത്തോ ഒരു സന്യാസ സമൂഹത്തിലോ മാത്രമാണ് അനുവദിച്ചിട്ടുള്ളത്. എന്നാൽ വിശുദ്ധനുള്ള വണക്കം സാർവത്രിക സഭയിലാകമാനമാണ് നൽകപ്പെടുന്നത്.

വാഴ്ത്തപ്പെട്ടവന്റെ തിരുനാൾ, അദ്ദേഹത്തിന്റെ രൂപത
യിൽ മാത്രമാണ് കൊണ്ടാടാനാകുന്നത്. സന്യാസിയാണെ
ങ്കിൽ അദ്ദേഹത്തിന്റെ സഭയുടെ എല്ലാ ഭവനത്തിലും
കൊണ്ടാടാം. എന്നാൽ വിശുദ്ധന്റെ തിരുനാൾ സാർവത്രിക
സഭയിലാകമാനം കൊണ്ടാടണമെന്ന് നിർബന്ധമാണ്. അദ്ദേഹത്തിന്റെ സന്യാസസ

വാഴ്ത്തപ്പെട്ടവനെക്കുറിച്ച് അനുവദിക്ക
മൂഹത്തിൽ പ്രത്യേക കാനോന നമസ്കാരം ആഗോ
പ്പെട്ടിരിക്കുന്നു. എന്നാൽ വിശുദ്ധരെ സംബന്ധിച്ച് നമസ്കാരമുണ്ട്. വിശുദ്ധ
ളസഭയിൽ പ്രത്യേക കാനോന ചൊല്ലുന്നതിനുള്ള
കുർബാനയിൽ പ്രത്യേക പ്രാർഥന ഇതുതന്നെ.
അനുമതിയുടെ വ്യവസ്ഥയും

വാഴ്ത്തപ്പെട്ടവന്റെ നാമധേയത്തിൽ ദേവാലയം സ്ഥാപിക്കുന്നതിന് മാർപാപ്പയുടെ പ്രത്യേക അനുമതി വേണം. ആവശ്യപ്പെടുന്നവർക്ക് അതു നൽകുന്നതാണ്. വാഴ്ത്തപ്പെട്ടവന്റെ ശിരസിനു ചുറ്റും പ്രഭാവലയം വരച്ചുചേർക്കരുത്. പ്രകാശരശ്മികൾ പ്രസരിക്കുന്നതായി വരയ്ക്കാം.

വാഴ്ത്തപ്പെട്ടവനായി പ്രഖ്യാപിക്കപ്പെട്ട ഒരു വ്യക്തിയെ വിശുദ്ധനായി നാമകരണം ചെയ്യുന്നതിനുള്ള നടപടിക്രമം ഇതാണ്. വാഴ്ത്തപ്പെട്ടവനായുള്ള പ്രഖ്യാപനത്തിനുശേഷം വാഴ്ത്തപ്പെട്ടവന്റെ മധ്യസ്ഥതയിൽ ദൈവം ഒരു അദ്ഭുതം പ്രവർത്തിക്കണമെന്നുള്ളതാണ് സുപ്രധാനമായ ഒരു വ്യവസ്ഥ. വാഴ്ത്തപ്പെട്ടവന്റെ വിശുദ്ധിക്കു ലഭിക്കുന്ന ഒരു ദൈവിക അടയാളമായി പരിശുദ്ധ സിംഹാസനം കണക്കാക്കുന്നു.

അദ്ഭുതം നടന്നതായി വിവരം ലഭിച്ചാൽ, അദ്ഭുതം നടന്ന സ്ഥലത്തെ മെത്രാൻ ഇതേക്കുറിച്ചുള്ള അന്വേഷണം ആരംഭിക്കും. നാമകരണത്തിനായുള്ള തിരുസംഘത്തിന്റെ അംഗീകാരത്തോടെ ഇതിനായി ഒരു ട്രൈബ്യൂണലിനെ നിയമിക്കും. തുടർന്ന് രൂപതാതലത്തിൽ നടന്ന അന്വേഷണത്തിന്റെ കനോനിക്കൽ സാധുത തിരുസംഘം പരിശോധിക്കും. സാധുത സംബന്ധിച്ച കൽപന പുറപ്പെടുവിപ്പിക്കുകയും ചെയ്യും.

നടപടിക്രമത്തിന്റെ സാധുത, തിരുസംഘം അംഗീകരിക്കുന്നതോടെ, പോസ്റ്റുലേറ്റർ ഈ അദ്ഭുതം സംബന്ധിച്ച ഒരു 'പൊസിസിയോ' അച്ചടിച്ച് നാമകരണത്തിനുള്ള തിരുസംഘത്തിന്റെ മെഡിക്കൽ ബോർഡിന്റെ പരിശോധനയ്ക്ക് അയയ്ക്കും . മെഡിക്കൽ ബോർഡ് അംഗീകരിക്കുന്ന പക്ഷം പ്രശ്നം ദൈവശാസ്ത്രജ്ഞന്മാരുടെ ഒരു സംഘത്തിന്റെ പരിശോധനയ്ക്ക് അയയ്ക്കും. ദൈവശാസ്ത്രജ്ഞന്മാരും അംഗീകരിക്കുന്നപക്ഷം തിരുസംഘത്തിലെ കർദിനാളന്മാർ പ്രശ്നം വിശദമായി ചർച്ച ചെയ്യും. അവരും



കുനമ്മാവിൽ ചാവറയച്ചൻ താമസിച്ചിരുന്ന മുറി

അംഗീകരിച്ചാൽ നാമകരണത്തിനുള്ള തിരുസംഘം വിശുദ്ധനായുള്ള പ്രഖ്യാപനത്തിനായുള്ള കൽപന തയാറാക്കി മാർപാപ്പയുടെ കൈയൊപ്പിനായി സമർപ്പിക്കുന്നു. ഇതു മാർപാപ്പ നടത്തുന്ന ആദ്യവസാന സ്വഭാവമുള്ള പ്രഖ്യാപനമാണ്. മാർപാപ്പയുടെ അധ്യക്ഷതയിൽ നടക്കുന്ന ഒരു പൊതുചടങ്ങിൽവച്ച് ഈ കൽപന പ്രസിദ്ധീകരിക്കും.

ചാവറയച്ചനെ വിശുദ്ധനായി പ്രഖ്യാപിക്കുന്നതിനുവേണ്ട ദൈവിക അടയാളം എത്രയുംവേഗം ലഭിക്കുന്നതിന് നമുക്ക് തീക്ഷ്ണമായി പ്രാർഥിക്കാം.

1986 ഫെബ്രുവരി എട്ടിന് ചാവറയച്ചനെ വാഴ്ത്തപ്പെട്ടവനായി മാർപാപ്പ നടത്തിയ പ്രഖ്യാപനം ഭാരതസഭയുടെ പ്രത്യേകിച്ചും സീറോ മലബാർ സഭയുടെ ദീർഘകാലമായുള്ള പ്രാർഥനയുടെയും ആഗ്രഹത്തിന്റെയും സാക്ഷാത്കാരമാണ്.

1871 ജനുവരി മൂന്നിന് കൂനമ്മാവിലെ വിശുദ്ധ ഫിലോമിനയുടെ നാമധേയത്തിലുള്ള ആശ്രമത്തിൽവച്ചാണ് ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ മരിച്ചത്. ചാവറയച്ചന്റെ ആധ്യാത്മിക പിതാവും ഏഴുവർഷത്തെ കുമ്പസാരക്കാരനുമായിരുന്ന ഫാ. ലെയോപ്പോൾദ് ബെക്കാറോയ്ക്ക് അദ്ദേഹത്തിന്റെ വിശുദ്ധിയെക്കുറിച്ച് വലിയ ബഹുമാനം ഉണ്ടായിരുന്നു. ചാവറയച്ചന്റെ മരണദിവസം ഫാ. ലെയോപ്പോൾദ് തന്റെ ഡയറിയിൽ അച്ചന്റെ ഹ്രസ്വമായ ഒരു ജീവിതചരിത്രക്കുറിപ്പ് എഴുതിയിരുന്നു. ആ കുറിപ്പ് പൂർത്തിയാക്കപ്പെടുന്നത് ഈ വാക്കുകളോടെയാണ്: 'ദ, ആനിമ ബെല്ല ഏസാന്താ, പ്രെഗപെർമെ' (വിശുദ്ധവും സുന്ദരവുമായ ആത്മാവേ, എനിക്കുവേണ്ടി പ്രാർഥിക്കണമേ)

മരണത്തിന് ആറുമാസംമുമ്പ് 1870 ഓഗസ്റ്റിൽ ചാവറയച്ചൻ തന്റെ ഒസ്യത്ത് തയാറാക്കിയിരുന്നു. താൻ സ്ഥാപിച്ച രണ്ടു സഭയുടെയും -പുരുഷന്മാരുടെയും വനിതകളുടെയും-ഭാവിയെ സംബന്ധിച്ച് ചില ചിന്തകൾ ഉൾക്കൊള്ളുന്നു. ഒപ്പം തന്റെ സന്യാസസഭാംഗങ്ങൾക്കുള്ള ഹൃദ്യമായ ചില ഉപദേശങ്ങളും. ഒരു നവസന്യാസിയുടെ കൈവശം മുദ്രവച്ച കവറിലാണ് ഇതു സൂക്ഷിച്ചിരുന്നത്. ചാവറയച്ചൻ നിർദേശിച്ചിരുന്നപ്രകാരം ആ നവസന്യാസി താൻ കൈവശമുണ്ടായിരുന്ന ഒസ്യത്ത് ഫാ. ലെയോപ്പോൾദിനെ ഏൽപിച്ചു.

ഒസ്യത്ത് ലെയോപ്പോൾദ് അച്ചനെ വല്ലാതെ ഉലച്ചു. അദ്ദേഹം അതിന്റെ കോപ്പിയെടുത്ത് അന്നുണ്ടായിരുന്ന എല്ലാ ആശ്രമത്തിലേക്കും അയച്ചു.

ചാവറയച്ചൻ ഉപയോഗിച്ചിരുന്ന സന്യാസവസ്ത്രം പോലുള്ള സ്വകാര്യ വസ്തുക്കളും ലെയോപ്പോൾദ് അച്ചൻ ഇങ്ങനെ വിവിധ ആശ്രമങ്ങളിലേക്ക് അയച്ചുകൊടുക്കുകയും ചാവറയച്ചന്റെ തിരുശേഷിപ്പുകളായി സൂക്ഷിക്കണമെന്നു നിർദേശിക്കുകയും ചെയ്തു. ചാവറയച്ചന്റെ നാമകരണത്തിനുള്ള നടപടികൾ ആരംഭിക്കണമെന്ന് ലെയോപ്പോൾദ് അച്ചനുണ്ടായിരുന്നു. ഒസ്യത്തിന്റെ കോപ്പികളും തിരുശേഷിപ്പുകളും ആശ്രമങ്ങൾക്ക് അയച്ചുകൊടുത്തതും ഈ ലക്ഷ്യത്തോടെയാണ്. എന്നാൽ 1875ൽ ലെയോപ്പോൾദച്ചനെ മേലധികാരികൾ ഇറ്റലിയിലേക്ക് തിരികെ വിളിച്ചതുകൊണ്ട് ഈ ദിശയിൽ കൂടുതലായി ഒന്നും ചെയ്യാനായില്ല. പിന്നീടുള്ള കാലം മലബാർ സഭയുടെ ചരിത്രത്തിലെ കലുഷിതമായ കാലഘട്ടമായിരുന്നു. ആർക്കും നാമകരണത്തെക്കുറിച്ച് ചിന്തിക്കാനേ കഴിയുമായിരുന്നില്ല. എന്നാൽ 1936 ആയപ്പോഴേക്കും ഒരു പുത്തൻ ഉണർവുണ്ടായി. പ്രത്യേകിച്ചും സന്യാസസഭയിൽ. ചാവറ കുര്യാക്കോസച്ചന്റെ നാമകരണത്തിനുള്ള നടപടികൾ ആരംഭിക്കണമെന്ന് പല ആശ്രമങ്ങളും സഭയുടെ പൊതു ഭരണനേതൃത്വത്തിന് എഴുതി.

1937ൽ ചേർന്ന പൊതുസംഘം ഇക്കാര്യം ഗൗരവമായി കണക്കിലെടുത്തു. പ്രാഥമിക നടപടി എന്നനിലയിൽ ചാവറയച്ചന്റെ ആധികാരികമായ ഒരു ജീവിതചരിത്രം തയാറാക്കണമെന്നും തീരുമാനിക്കപ്പെട്ടു. ചാവറയച്ചനെ സാധാരണക്കാർക്ക് കൂടുതൽ അടുത്തറിയാനും നാമകരണനടപടികൾ തുടങ്ങാനും അവസരമുണ്ടാക്കാനായിരുന്നു അത്. ഫാ. സൈമൺ പാട്ടാശേരി സി.എം.ഐയെ ഈ ദൗത്യം ഏൽപിച്ചു. ഫാ. വലേറിയൻ പ്ലാത്തോട്ടം സി.എം.ഐയെ സഹായിയായും നിയോഗിച്ചു. 1939ൽ വെരി.റവ. ചാവറ കുര്യാക്കോസ് ഏലിയാസ് എന്നപേരിൽ ഈ ജീവിതചരിത്രം, ഫാ. വലേറിയന്റെ ഗ്രന്ഥകർതൃത്വത്തിൽ പ്രസിദ്ധീകരിച്ചു. ചങ്ങനാശേരി മെത്രാനായിരുന്ന ജയിംസ് കാളാശേരിയുടെ

അംഗീകാരത്തോടെയാണ് പുസ്തകം പ്രസിദ്ധീകരിക്കപ്പെട്ടത്.


ജീവിതചരിത്രം പ്രസിദ്ധീകരിക്കപ്പെട്ടതോടെ ചാവറയച്ചന്റെ ജീവിതവിശുദ്ധിയേയും പുണ്യങ്ങളേയുംകുറിച്ച് കൂടുതൽപേർ അറിയാൻ തുടങ്ങി. അവരുടെ ആത്മീയവും ഭൗതികവുമായ ആവശ്യങ്ങൾക്കുവേണ്ടി ചാവറയച്ചന്റെ മാധ്യസ്ഥ്യം പ്രാർഥിച്ചും തുടങ്ങി. ഉദ്ദിഷ്ടകാര്യം സാധിച്ചതിനുള്ള ഉപകാരസ്മരണകൾ പത്രങ്ങളിലും വാരികകളിലും പ്രത്യക്ഷപ്പെടുകയും ചെയ്തു.

1953ലെ അത്യുന്നത കർദിനാൾ യൂജിൻ ടിസറാംഗിന്റെ മലബാർസന്ദർശനത്തോടെ നീക്കങ്ങൾ ശക്തമായി .അന്നത്തെ പ്രിയോർ ജനറൽ ഫാ.മാവുരൂസ് വലിയപറമ്പിലിനോട് നാമകരണനടപടികൾ ആരംഭിക്കാൻ അദ്ദേഹം നിർദേശിച്ചു. ജനറൽ കൗൺസിലിന്റെ അനുമതിയോടെ ഇതിനായി മാവുരൂസച്ചൻ, റീത്തുകൾക്കായുള്ള തിരുസംഘത്തിനെഴുതി.

1955ൽ റീത്തുകൾക്കായുള്ള തിരുസംഘത്തിന്റെ അനുമതിയായി. ചാവറ കുര്യാക്കോസച്ചന്റെ കുഴിമാടം സ്ഥിതിചെയ്യുന്ന മാന്നാനം, ചങ്ങനാശേരി അതിരൂപതയിലായതുകൊണ്ട് ചങ്ങനാശേരി ബിഷപ് മാർ മാത്യു കാവുകാടിനോട് ചാവറയച്ചന്റെ ജീവിതത്തെയും പുണ്യങ്ങളെയും കുറിച്ച് വിവരങ്ങൾ ശേഖരിക്കുന്നതിനുള്ള രൂപതാനടപടികൾ ആരംഭിക്കാൻ നിർദേശിച്ചു. 1871ൽ മരിച്ച ചാവറയച്ചന്റെ നാമകരണനടപടികൾ 1955 ൽ മാത്രം ആരംഭിക്കുന്നതുകൊണ്ട് ഇതൊരു 'ചരിത്ര നടപടി'യായി കണക്കാക്കണമെന്ന് നിർദേശിച്ചു. തന്മൂലം പൊതുസംഘം, ഫാ. പ്ലാസിഡ് പൊടിപാറ സി.എം.ഐയെ പോസ്റ്റ്ലേറ്ററായി നിയോഗിച്ചു. 1957 ഡിസംബർ 31ന് ആർച്ച്ബിഷപ് മാർ മാത്യു കാവുകാട് ചരിത്ര കമ്മീഷനെ നിയോഗിച്ചു. ഫാ. കുര്യൻ വഞ്ചിപ്പുരയ്ക്കലായിരുന്നു അധ്യക്ഷൻ. ഫാ. ആൻസലം പെരുമാലി, സെക്രട്ടറി ഫാ. ആന്റണി കൈതറ മൂന്നാം അംഗവും. (മൂന്നുപേരും നിത്യസമ്മാനത്തിനു വിളിക്കപ്പെട്ടു) ചാവറയച്ചന്റേതായുള്ള രേഖകളും രചനകളും ശേഖരിക്കുകയും ശാസ്ത്രീയമായി പഠിച്ച് റിപ്പോർട്ട് തയാറാക്കുകയുമായിരുന്നു ലക്ഷ്യം.

നാമകരണനടപടികൾക്ക് മുന്നോടിയായി, ചങ്ങനാശേരി മെത്രാപ്പോലീത്ത നിയോഗിച്ച ഈ ചരിത്രകമ്മീഷനാണ് വാഴ്ത്തപ്പെട്ട ചാവറയച്ചന്റെ പല രചനകളും കണ്ടെത്തി വെളിച്ചത്തു കൊണ്ടുവന്നത്. വാഴ്ത്തപ്പെട്ട ചാവറയച്ചനുമായി ബന്ധപ്പെട്ട രേഖകൾക്കായി കമ്മീഷനംഗങ്ങൾ ഓരോരുത്തരും ഇന്ത്യയിലെയും വിദേശത്തെയും വിവിധ ആർക്കൈവ്സുകൾ പരിശോധിക്കുകയും വിവിധ രിക്കുകയും ചെയ്തു. ചാവറയച്ചനുമായി ബന്ധപ്പെട്ട എല്ലാ സ്ഥാപനങ്ങളും ഓഫീസുകളുമായും അവർ ബന്ധപ്പെടുകയും ആൾക്കാരെ കാണുകയും വാഴ്ത്തപ്പെട്ട ചാവറയച്ചനെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിക്കുകയും രേഖകൾ ശേഖ

വിവിധ സ്ഥാപനങ്ങളിലും ആർക്കൈവ്സുകളിലും നിന്നായി പുസ്തകങ്ങളും കൈയെഴുത്തുപ്രതികളുമായി 210 രേഖകൾ അവർ കണ്ടെത്തി. ചാവറയച്ചന്റെയും അദ്ദേഹത്തിന്റെ സമകാലികരുടെയും രചനകൾ, ചാവറയച്ചനെക്കുറിച്ചുള്ള രചനകൾ എന്നിവയായിരുന്നു ഇവ. തിരുവന



*കൂനമ്മാവിൽ ചാവറയച്ചൻ മരണമടഞ്ഞ മുറിയിൽ അദ്ദേഹത്തിന്റെ മരണം ചിത്രീകരിച്ചിക്കുന്നു*

ന്തപുരം മാനുസ്ക്രിപ്റ്റ് ലൈബ്രറിയുടെ ഡയറക്ടറായി രുന്ന ശൂരനാട് കുഞ്ഞൻപിള്ളയുടെയും അദ്ദേഹത്തിന്റെ ചിത്രാക്ഷര രചനാവിദഗ്ധരായ സഹായികളുടെയും സഹായം അവർ തേടി. അന്നത്തെ ആഭ്യന്തരമന്ത്രിയായി രുന്ന പി.ടി. ചാക്കോയുടെ സഹായത്തോടെ പോലീസ് വകുപ്പിലെ ക്രൈംബ്രാഞ്ചിന്റെ സഹായവും അവർ തേടി. നിരവധി ദിവസങ്ങൾ അവർ ഒന്നിച്ചുപ്രവർത്തിച്ചു. ഉപയോ ഗിച്ച കടലാസ്, മഷി, ചിത്രാക്ഷരങ്ങൾ, ഒപ്പുകൾ എന്നി വയെ അടിസ്ഥാനമാക്കിയും പരസ്പരം തുലനം ചെയ്തും ഈ രചനാശേഖരത്തിൽനിന്നും വാഴ്ത്തപ്പെട്ട ചാവറ യച്ചന്റെയും സമകാലീനരുടെയും നിസ്തർക്കമായ രചന കൾ കണ്ടെത്തി. ഇത്തരം 38 രേഖകൾ ഉണ്ടായിരുന്നു. അവ യിൽ 27 എണ്ണം മലയാളത്തിലും ഒമ്പതെണ്ണം സുറിയാനി യിലും ഓരോന്ന് ലത്തീനിലും സുറിയാനിയിലും ഉള്ളതുമാ യിരുന്നു.

ചാവറയച്ചന്റെ രചനകളും രേഖകളും ശേഖരിക്കാനുള്ള ചരിത്രകമ്മീഷന് അന്വേഷണത്തിന് കൂടുതൽ സമയം വേണ്ടിവരുമെന്നതിനാൽ ആർച്ച്ബിഷപ് മാർ മാത്യു കാവു കാട്ട് 1962 ഓഗസ്റ്റ് 15നും ഒരു ട്രൈബ്യൂണലിനെ നിയോ ഗിച്ചു. ദൈവദാസന്റെ ജീവിതത്തെയും പുണ്യങ്ങളെയും കുറിച്ച് വിവരങ്ങൾ ശേഖരിക്കുകയായിരുന്നു കമ്മീഷന്റെ ചുമതല. ഫാ. റോമിയോ തോമസ് സി.എം.ഐ ആയി രുന്നു ട്രൈബ്യൂണലിന്റെ ഡെലിഗേറ്റ് ചീഫ് ജഡ്ജ്. ഫാ. ഈപ്പൻ അയിലുപ്പറമ്പിൽ, ഫാ. നിക്കോളാസ് പെരുമാ ലിൽ എന്നിവർ സഹജഡ്ജികളായിരുന്നു. ഫാ. പൗളി നോസ് ജീരകത്ത് സി.എം.ഐ, ഫാ. മത്തിയാസ് മുണ്ടാ ടൻ സി.എം.ഐ എന്നിവർ ട്രൈബ്യൂണലിലെ പ്രമോട്ടർ ഓഫ് ജസ്റ്റീസായിരുന്നു. ഫാ. ജോസഫ് മടുക്കക്കുഴിയാ യിരുന്നു നോട്ടറി. ജോസഫ് കർസറും. ട്രൈബ്യൂണൽ ഉടൻ സാക്ഷികളുടെ തെളിവെടുപ്പാരംഭിച്ചു. 501 സെഷനു കളിലായി 104 സാക്ഷികളെ വിസ്തരിച്ചു. 1967ൽ ഫാ. റോമിയോ തോമസിന് അനാരോഗ്യംമൂലം പ്രവർത്തിക്കാ നാകാതെവന്നപ്പോൾ ആർച്ച്ബിഷപ് മാത്യു കാവുകാട്ട് അദ്ദേഹത്തിന്റെ രാജി സ്വീകരിക്കുകയും ഫാ. ലൂക്കാസ് വിത്തുവട്ടിക്കലിനെ ട്രൈബ്യൂണലിന്റെ പ്രസിഡന്റായി നിയ മിക്കുകയും ചെയ്തു. ട്രൈബ്യൂണലുകളുടെ നടപടികളും രേഖകളുമെല്ലാം ലത്തീനിലേക്ക് വിവർത്തനം ചെയ്യുകയും അവയുടെ കോപ്പികൾ എടുക്കുകയും ചെയ്തശേഷം ട്രൈബ്യൂണലുകളുടെ പ്രവർത്തനം മാന്നാനം ആശ്രമത്തോ ടുചേർന്നുള്ള സെന്റ് ജോസഫ്സ് ദേവാലയത്തിൽവച്ച് ആർച്ച്ബിഷപ് മാർ ആന്റണി പടിയറ ആഘോഷമായി സമാപിപ്പിച്ചു.

1971ൽ ട്രൈബ്യൂണലിന്റെ രേഖകളും നടപടികളും റോമിലെ വിശുദ്ധരുടെ നാമകരണനടപടികൾക്കുള്ള തിരുസംഘത്തിനയച്ചുകൊടുത്തു.

തിരുസംഘം ആദ്യമായി ചെയ്തത്, ചങ്ങനാശേരി അതി രൂപതയിൽ നടന്ന കാനോനിക്കൽ നടപടിക്രമങ്ങളുടെ സാധുതയുടെ പരിശോധനയും വിലയിരുത്തലുമായിരുന്നു. 1972ൽ ഇവയുടെ സാധുത അംഗീകരിച്ചുകൊണ്ട് തിരു സംഘം കല്പന പുറപ്പെടുവിച്ചു. വിശ്വാസത്തെയും സന്മാർഗത്തെയുംകുറിച്ചുള്ള ദൈവദാസന്റെ രചനകളുടെ പരിശോധനയായിരുന്നു അടുത്തഘട്ടം. ഇവയിൽ സഭാപ ഠനങ്ങൾക്ക് വിരുദ്ധമായ ഒന്നുമില്ലെന്ന് 1973ൽ തിരുസംഘം പ്രഖ്യാപിച്ചു. പ്രാഥമിക നടപടിക്രമങ്ങളെല്ലാം പൂർത്തി യായി. ഇനിയുള്ളത് നാമകരണനടപടികൾക്കായുള്ള പോസ്റ്റുലേറ്റർ പൊസിസിയോ എന്ന രേഖ തയാറാക്ക ലാണ്.

സി.എം.ഐ സഭ ഫാ. ലൂക്കാസ് വിത്തുവട്ടിക്കൽ സി.എം.ഐയോട് ഈ രേഖ (പൊസിസിയോ) തയാറാ ക്കുവാൻ ആവശ്യപ്പെട്ടു. സഹായിക്കുന്നതിന് ഫാ. ജോസഫ് വട്ടത്തറ സി.എം.ഐ നിയുക്തനായി. ദൈവദാ സനായ ചാവറ കുര്യാക്കോസ് ഏലിയാസച്ചന്റെ ജീവിത

ത്തെയും പുണ്യങ്ങളെയുംകുറിച്ചുള്ള പൊസിസിയോ ലത്തീനിൽ തയാറാക്കപ്പെട്ടു. 1977ൽ പൂർത്തിയായ പൊസിസിയോ ടിപ്പോഗ്രാഫിയ വത്തിക്കാനയിൽ അച്ചടിച്ച് തിരുസംഘത്തിനു സമർപ്പിച്ചു. വിശുദ്ധരുടെ നാമകരണത്തിനുള്ള തിരുസംഘത്തിലെ ചരിത്രപണ്ഡിതരുടെ ഒരുസംഘം പൊസിസിയോ പരിശോധിക്കുന്നതാണ് ആദ്യഘട്ടം. പുസ്തകത്തിന്റെ ചരിത്രപരമായ സാധുതയും ദൈവദാസൻ ക്രൈസ്തവ പുണ്യങ്ങൾ വീരോചിതമായി അഭ്യസിച്ചിരുന്നുവെന്നതിനു മതിയായ തെളിവുകളും ആണ് ഇവർ പരിശോധിക്കുന്നത്. അവരുടെ അംഗീകാരം ലഭിച്ചതോടെ നാമകരണത്തിനുള്ള തിരുസംഘം, പരിശുദ്ധസിംഹാസനത്തിന്റെ കൂരിയായിൽ ഈ നടപടിയും സമർപ്പിക്കുന്നതിന് ഉത്തരവായി.

അതിന്റെ അടിസ്ഥാനത്തിൽ നാമകരണത്തിനായുള്ള തിരുസംഘത്തിലെ ദൈവശാസ്ത്ര ഉപദേശകർക്ക് പൊസിസിയോ നൽകപ്പെട്ടു. അവർ ഏകകണ്ഠമായി പൊസിസിയോ അംഗീകരിക്കുകയും ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ ക്രൈസ്തവ പുണ്യങ്ങൾ വീരോചിതമായി അഭ്യസിച്ചിരുന്നതായി ഏകകണ്ഠമായി പ്രഖ്യാപിക്കുകയും ചെയ്തു. പൊസിസിയോ പരിശോധിച്ച ഒമ്പത് അംഗങ്ങളും ഏകകണ്ഠമായി ഇത്തരമൊരു അംഗീകാരം നൽകുന്നത് തിരുസംഘത്തിന്റെ ചരിത്രത്തിൽ അപൂർവസംഭവമാണ്. ഒരു പണ്ഡിതൻ ഇങ്ങനെ എഴുതി. 'ക്രൈസ്തവരുടെ മരണത്തെക്കുറിച്ച് അവർ വിശുദ്ധിയുടെ സുഗന്ധത്തിൽ മരിച്ചതായി പറയാറുണ്ട്. എന്നാൽ ദൈവദാസനായ ചാവറ കുര്യാക്കോസ് ഏലിയാസ് അച്ചനെക്കുറിച്ച് അദ്ദേഹം വിശുദ്ധിയുടെ സുഗന്ധമായി ജീവിച്ചു' എന്നാണ് പറയേണ്ടത്. കാരണം അദ്ദേഹം ദൈവത്തിന്റെ മനുഷ്യനായിരുന്നു. ഇതേത്തുടർന്ന് നാമകരണത്തിനുള്ള തിരുസംഘത്തിലെ കർദിനാൾമാരുടെ ഔദ്യോഗികസമ്മേളനം ചേരുകയും ദൈവദാസൻ, ക്രൈസ്തവപുണ്യങ്ങൾ വീരോചിതമായി അഭ്യസിച്ചിരുന്നുവെന്ന് ഏകകണ്ഠമായി അംഗീകരിക്കുകയും ചെയ്തു. 1983ൽ പരിശുദ്ധ പിതാവിന്റെ അംഗീകാരത്തോടെ ചാവറയച്ചന്റെ വീരോചിത പുണ്യങ്ങളെക്കുറിച്ചുള്ള ഔദ്യോഗികരേഖ പുറപ്പെടുവിക്കുകയും ചെയ്തു. ഈ രേഖ ഇങ്ങനെയാണ് സമാപിക്കുന്നത്. ദൈവദാസനായ ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ ദൈവികപുണ്യങ്ങളായ വിശ്വാസം, ശരണം, ഉപവി എന്നിവയും തലപ്പെട്ട പുണ്യങ്ങളായ വിവേകം, നീതി, സംയമനം, ധൈര്യം എന്നിവയും ഇവയുമായി ചേർന്ന പുണ്യങ്ങളും വീരോചിതമായി അഭ്യസിച്ചിരുന്നുവെന്നത് സുവ്യക്തമാണ്.

പോസ്റ്റ്ലേറ്ററായ ഫാ. ലൂക്കാസ് വിത്തുവട്ടിക്കൽ ഇതേത്തുടർന്ന് ദൈവദാസന്റെ മധ്യസ്ഥതയിൽ നടന്ന മൂന്ന് അദ്ഭുതങ്ങൾ തിരുസംഘത്തിനു സമർപ്പിച്ചു.

ദൈവദാസിയായ സിസ്റ്റർ അൽഫോൻസ എഫ്.സി.സിക്ക് 1937ൽ ഉണ്ടായ അദ്ഭുതരോഗശാന്തിയായിരുന്നു ഒന്ന്. ഈ രോഗശാന്തിയെക്കുറിച്ച് കുമ്പസാരക്കാരനായിരുന്ന ഫാ. അലോഷ്യസ് പെരുമാലിക്ക് ആ വർഷം തന്നെ അൽഫോൻസ സ്വന്തം കൈപ്പടയിൽ എഴുതിയിരുന്നു.

കൂനമ്മാവ് ഇടവകക്കാരനായ റോക്കിക്ക് 1949ൽ ലഭിച്ച അദ്ഭുത രോഗശാന്തിയായിരുന്നു അടുത്ത സംഭവം.

തലശേരി രൂപതയിലെ കൂടരഞ്ഞി ഇടവകയിൽപ്പെട്ട ജോസഫ് പെണ്ണാപറമ്പിൽ എന്ന ബാലന് 1959ൽ ലഭിച്ച അദ്ഭുത രോഗശാന്തിയായിരുന്നു മൂന്നാമത്തേത്.

മൂന്നാമത്തെ അദ്ഭുതമാണ് തിരുസംഘം വിശദമായ പഠനത്തിനായി തെരഞ്ഞെടുത്തത്.

ഇതേത്തുടർന്ന്അദ്ഭുതത്തെക്കുറിച്ചുള്ള പൊസിസിയോ 1984ൽ വൈസ് പോസ്റ്റ്ലേറ്റർ ഇറ്റാലിയൻ ഭാഷയിൽ തയാറാക്കി തിരുസംഘത്തിന് സമർപ്പിച്ചു.

തലശേരി രൂപതയിലെ കൂടരഞ്ഞി ഇടവകാംഗമായിരുന്ന പെണ്ണാപറമ്പിൽ ജോസഫ് മാത്യു എന്ന ആറുവയസുകാരൻ ബാലന്റെ മുടന്തിന് അദ്ഭുതകരമായി ലഭിച്ച സൗഖ്യമായിരുന്നു അത്. ജന്മനാ ഉള്ളതായിരുന്നു ആ മുടന്ത്. മാതാപിതാക്കൾ പല ഡോക്ടർമാരെയും കാണിച്ചു. നിരവധി ആശുപത്രികളിൽ ചികിത്സിപ്പിച്ചു. വൈദ്യശാസ്ത്രം ഇതിനെ 'എക്വിനോപാരസ് വിത്ത് ഫ്ളാറ്റ് ഫീറ്റ്' എന്നാണ് പറയുന്നത്. ബാലനെ പരിശോധിച്ച ഡോക്ടർമാരെല്ലാം മരുന്നു കൊണ്ടോ തിരുമ്മൽകൊണ്ടോ പാദം ശരിയാക്കാനാവില്ലെന്നു വിധിച്ചു. ശസ്ത്രക്രിയവഴി ഒരുപക്ഷേ ശരിയാക്കാനായേക്കാം എന്നായിരുന്നു അവരുടെപക്ഷം. നൂറുശതമാനം ഉറപ്പുണ്ടായിരുന്നില്ല. സാധാരണ പ്രായത്തിൽത്തന്നെ കുട്ടി നടന്നുതുടങ്ങി. പക്ഷേ കാലിന്റെ പിൻവശം കൊണ്ടായിരുന്നു. പാദത്തിന്റെ അടിഭാഗം പരസ്പരം തിരിഞ്ഞിരുന്നു. സ്കൂളിൽ പോകാറായപ്പോൾ അവരവനെ സ്കൂളിൽ ചേർത്തു. ഒരു മൈൽ അകലെയുള്ള സ്കൂളിലേക്ക് ചേച്ചി അന്നക്കുട്ടിയുമായി അവൻ നടന്നാണ് പൊയ്ക്കൊണ്ടിരുന്നത്. നടക്കുമ്പോൾ പലപ്പോഴും അവൻ വേദനകൊണ്ട് നിലവിളിച്ചിരുന്നു. അപ്പോഴൊക്കെ ചേച്ചി അവനെ എളിയിലേറ്റി നടക്കുമായിരുന്നു.

ഒരു ദിവസം ജോസഫ് കാലിലെ വേദനകൊണ്ട് കരഞ്ഞപ്പോൾ എളിയിലേറ്റുന്നതിനുപകരം ചാവറ കുര്യാക്കോസ് അച്ചനോട് പ്രാർഥിക്കുവാനാണ് ചേച്ചി നിർദേശിച്ചത്. സ്വർഗസ്ഥനായ പിതാവേ, നന്മനിറഞ്ഞ മറിയമേ എന്ന പ്രാർഥനകളും ക്രിസ്തുസ്തുതിയുമാണ് അർപ്പിച്ചത്. പ്രാർഥന ചൊല്ലിക്കൊണ്ടിരുന്നപ്പോൾ പെട്ടെന്ന് അവന്റെ വലതുകാലിൽ വിറയൽ അനുഭവപ്പെട്ടു. പാദം സാധാരണപോലെയായി. കുട്ടിയും ചേച്ചിയും സ്കൂളിലേക്കുള്ള യാത്ര തുടർന്നു.

ഈ സംഭവം പലതരം വിദഗ്ധർ പരിശോധിച്ചു. തിരുസംഘത്തിലെ ഡോക്ടർമാർ, ദൈവശാസ്ത്രജ്ഞന്മാർ, അവസാനം കർദിനാൾമാരും.

അദ്ഭുതം അംഗീകരിക്കപ്പെട്ടു. പരിശുദ്ധ പിതാവിന്റെ അംഗീകാരത്തോടെ ഇതു സംബന്ധിച്ച കൽപന 1985ൽ പ്രസിദ്ധീകരിച്ചു.

ഇതേത്തുടർന്നാണ് 1986 ഫെബ്രുവരി എട്ടിന് ഭാരതത്തിലേക്കുള്ള അജപാലനയാത്രയ്ക്കിടയ്ക്ക് ചാവറപ്പിതാവിനെ വാഴ്ത്തപ്പെട്ടവനായി പ്രഖ്യാപിക്കുന്ന ആഘോഷകരമായ ചടങ്ങ് നടത്തുവാൻ തീരുമാനിച്ചത്.

വാഴ്ത്തപ്പെട്ടവനായി പ്രഖ്യാപിക്കുന്ന രേഖ മാർപാപ്പ പൂർത്തിയാക്കുന്നത് ഇങ്ങനെയാണ്: ''പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ, ചങ്ങനാശേരി മെത്രാപ്പോലീത്തയായ നമ്മുടെ സഹോദരൻ ജോസഫ് പവ്വത്തിലിന്റെയും മറ്റു പല മെത്രാന്മാരുടെയും വിശ്വാസികളുടെയും അഭ്യർഥന മാനിച്ചുകൊണ്ടും, വിശുദ്ധരുടെ നാമകരണത്തിനായുള്ള തിരുസംഘത്തിന്റെ ഉപദേശം അനുസരിച്ചും, നമ്മുടെ അപ്പസ്തോലിക അധികാരം ഉപയോഗിച്ചും ധന്യനായ ദൈവദാസൻ ഇനിമേൽ വാഴ്ത്തപ്പെട്ടവൻ എന്നാകും വിളിക്കപ്പെടുകയെന്നും നാം ഇതിനാൽ പ്രഖ്യാപിക്കുന്നു. നിശ്ചിത നിയമങ്ങളനുസരിച്ചുള്ള സ്ഥലങ്ങളിൽ എല്ലാവർഷവും ജനുവരി മൂന്നിന് അദ്ദേഹത്തിന്റെ തിരുനാൾ ആഘോഷിക്കുന്നതിന് അനുവദിക്കുകയും ചെയ്യുന്നു. ഈ രേഖയിലൂടെ നാം കൽപിക്കുന്നത് ഇക്കാലവും വരാനിരിക്കുന്ന തലുറകളിലും പാലിക്കപ്പെടേണ്ടതാകുന്നു. ഇതിനെതിരായ ഒരു കൽപനയും പ്രസക്തമാകില്ല.'' നമ്മുടെ മാർപാപ്പസ്ഥാനത്തിന്റെ എട്ടാംവർഷം 1986 ഫെബ്രുവരി എട്ടിന് കോട്ടയത്തുവച്ച് പ്രഖ്യാപിക്കുന്നത്.